# സൗജന്യപുസ്തക കോർണർ ശ്രദ്ധേയമാകുന്നു

**തിരുവനന്തപുരം**

വിജെടി ഹാളിലെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിജ്ഞാനവസന്തം പുസ്തകമേളയിലെ പുസ്തക കോർണർ ശ്രദ്ധേയമാകുന്നു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആദ്യകാലത്ത് പ്രസിദ്ധീകരിച്ച അമൂല്യപുസ്തകങ്ങൾ പൂർണമായും സൗജന്യമായി തെരഞ്ഞെടുക്കാൻ വിദ്യാലയങ്ങൾക്കും വായനശാലകൾക്കും അധ്യാപകർക്കും ഗവേഷകർക്കും പൊതുവായനക്കാർക്കും അവസരമൊരുക്കിരിക്കുകയാണ്. പല പ്രദേശങ്ങളിൽ നിന്നും ആളുകൾ പുസ്തക കോർണറിലേക്ക് എത്തുന്നുണ്ട്.

വിജ്ഞാനവസന്തത്തിൽ മറ്റ് വൈജ്ഞാനികപുസ്തകങ്ങൾ 20മുതൽ 60 ശതമാനം വരെ വിലക്കിഴിവിലും ലഭ്യമാണ്. 4500ൽപ്പരം മികച്ച ഗ്രന്ഥങ്ങളാണ് വിവിധ വൈജ്ഞാനിക ശാഖകളിലായി ഇവിടെ ഒരുക്കിയിട്ടുള്ളത്. ശബ്ദാവലികൾ, പദകോശം, നിഘണ്ടുക്കൾ, ഉപനിഷത്തുകൾ, വിദ്യാഭ്യാസം, മനശാസ്ത്രം, തത്വശാസ്ത്രം, ജീവചരിത്രങ്ങൾ, സാമ്പത്തിക ശാസ്ത്രം, ചരിത്രം, രാഷ്ട്രമീമാംസ, എഞ്ചിനിയറിങ്, ഗണിതം, കൃഷി തുടങ്ങിയ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ ലഭ്യമാണ്.

കേരള ചരിത്രം, ഇന്ത്യാ ചരിത്രം, ലോക ചരിത്രം, സ്പോർട്സ്, ഗെയിംസ്, ഫുട്ബോൾ ഇതിഹാസങ്ങളും പ്രതിഭകളും, മാർക്സ്@ 200 സമൂഹം സംസ്കാരം ചരിത്രം, സഹകരണ നിയമങ്ങളും ചട്ടങ്ങളും, അമർത്യാസെന്നിന്റെ 'വികസനം തന്നെ സ്വാതന്ത്ര്യം', 'എറിക് ഹോബ്സ്ബാം ചരിത്രരചനയിലെ വിസ്മയം', രാജാരവിവർമ്മയുടെ വിഖ്യാതങ്ങളായ ചിത്രങ്ങൾ ഉൾക്കൊള്ളിച്ച ഗ്രന്ഥം, ഇർഫാൻ ഹബീബിന്റെ വിവർത്തനം ചെയ്ത ചരിത്ര പുസ്തകങ്ങൾ, ഡോ.അംബേദ്കർ സമ്പൂർണകൃതികൾ, ഒഎൻവി കുറുപ്പിന്റെ സമ്പൂർണകൃതികളുടെ സമഗ്ര പഠനഗ്രന്ഥമായ ഒഎൻവി കാവ്യസംസ്കൃതി തുടങ്ങിയ നിരവധി പുസ്തകങ്ങൾ മേളയിൽ ലഭ്യമാണ്. 250 രൂപയ്ക്ക് വിജ്ഞാന കൈരളി മാസികയുടെ വാർഷിക വരിക്കാരാവാനുള്ള അവസരവുമുണ്ട്. 10ന് വിജ്ഞാന വസന്തം സമാപിക്കും. ദിവസവും രാവിലെ 10മുതൽ രാത്രി 8.30വരെയാണ് പുസ്തകമേള. ഫോൺ: 9746980872.